47/ബി2/വി.ക്ഷേ.കോ തീയതി : 22/10/2021

## പുനർ ലേലം നോട്ടീസ്

## മാവിൻ തടി

കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷന്റെ പൂജപ്പുര ഹെഡ് ഓഫീസിൽ നിന്നിരുന്ന ഒരു മാവ് കഷ്ണങ്ങളായി മുറിച്ച് ടി ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ട് . ടി മാവിൻതടി **03/11/2021** തീയതി ഉച്ചയ്ക്ക് 12:00 മണിക്ക് കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷന്റെ ഹെഡ് ഓഫീസിൽ വച്ച് പരസ്യ ലേലത്തിലൂടെ വിൽക്കുന്നതാണ് .മരത്തിൻറെ [തടിയും വിറകും ] അടങ്കൽ തുക 12,122/-രൂപയാണ് .ലേലത്തിൽ പങ്കെടുക്കുവാൻ താത്പര്യം ഉള്ളവർ **03/11/2021 10** മണിക്ക് അടങ്കൽ തുകയുടെ 1% തുക നിരത ദ്രവ്യമായി കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷനിൽ ഒടുക്കേണ്ടതാണ്. ആദ്യത്തേതും രണ്ടാമത്തെയും മൂന്നാമത്തെയും നിരക്കുകൾ വിളിച്ച ആളുകളുടേതൊഴികെ മറ്റുള്ളവരുടെ നിരത ദ്രവ്യം ലേലനടപടി പൂർത്തിയായാൽ ഉടൻതന്നെ മടക്കി നൽകുന്നതാണ് .ലേലം സ്ഥിരപ്പെടുത്തി ലഭിച്ചയാൾ ലേലത്തുകയുടെ 5 % തുക വനവികസന നികുതിയും 18 % തുക ജി .എസ്സ് .റ്റി യും ഒടുക്കേണ്ടതും ലേലത്തുകയുടെ 5 % തുക മാനേജിങ് ഡയറക്ടർ ,കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷന്റെ പേരിൽ ഡി .ഡി യായി സെക്യൂരിറ്റി ഡെപ്പോസിറ്റ് നൽകേണ്ടതുമാണ് . കോർപ്പറേഷന്റെ വസ്തുവകകൾക്ക് നാശനഷ്ടം വരുത്താതെ മരത്തിൻറെ തടി മാറ്റുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചതിനു ശേഷം സെക്യൂരിറ്റി ഡെപ്പോസിറ്റ് മടക്കി നൽകുന്നതാണ് .ലേലം നടക്കുന്ന തീയതി അവധിയായി പ്രഖ്യാപിക്കുകയാണെങ്കിൽ തൊട്ടടുത്ത പ്രവർത്തി ദിവസം ലേല നടപടികൾ സ്വീകരിക്കുന്നതാണ്. ലേലം സ്ഥിരപ്പെടുത്തുന്നതിനും, പ്രതീക്ഷിച്ച തുക ലേലത്തിലൂടെ ലഭിക്കാത്തപക്ഷം യാതൊരു കാരണവും കൂടാതെ ലേലം നിരസ്സിക്കുന്നതിനുമുള്ള പരിപൂർണ്ണ അധികാരം മാനേജിംഗ് ഡയറക്ടർ ,കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷനിൽ നിക്ഷിപ്തമാണ് .ലേലത്തിനെ പറ്റിയുള്ള കൂടുതൽ വിവരങ്ങൾ പ്രവർത്തി ദിനങ്ങളിൽ കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷനിൽ നിന്നും അറിയാവുന്നതാണ്. **04712347768, 9895852530**

മാനേജിംഗ് ഡയറക്ടർ